**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1436** **11-06-2019 ൽ മറുപടിക്ക്**

**കിഴക്കേകോട്ടയിലെ കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മമ്മൂട്ടി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കിഴക്കേകോട്ടയിലെ സംരക്ഷണ മതിലിനുചുറ്റുമുള്ള കെ.എസ്.ആർ.ടി.സി. യുടെ ഉടമസ്ഥതയിലുള്ള 72.250 സെന്റ് സ്ഥലവും കോട്ടമതിലിന് ചുറ്റുമുള്ള അനധികൃത കെട്ടിടങ്ങളും പൊളിച്ച് മാറ്റി ഒഴിപ്പിച്ച് പൈതൃക സ്മാരകത്തെയും തലസ്ഥാന നഗരിയുടെ മനോഹാരി തയെയും സംരക്ഷിക്കുന്ന നടപടി റവന്യൂ വകുപ്പ് വൈകിപ്പിക്കുന്നതിന്റെ കാരണം അറിയിക്കുമോ; | (എ) കിഴക്കേകോട്ടയിലെ സംരക്ഷണ മതിലിന് ചുറ്റുമുള്ള കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയിലുള്ള 72.250 സെന്റ് സ്ഥലത്തിലെ അനധികൃത കയ്യേറ്റക്കാരെ പുനരധിവസിപ്പിക്കണമെന്ന് മന്ത്രിതലയോഗത്തിൽ തീരുമാനിച്ചിരുന്നു. കിഴക്കേകോട്ട ബസ് കാത്തിരിപ്പ് കേന്ദ്രത്തിന് പരിസരത്തുള്ള കച്ചവടക്കാരെ ഒഴിപ്പിക്കുമ്പോൾ അവരെ പുനരധിവസിപ്പി ക്കുന്നതിനായി കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ കിഴക്കേവശത്തുള്ള ഡ്രെയിനേജ് റോഡിന് ചേർന്ന് 16 കച്ചവടക്കാർക്ക് 80 ച.അടി വിസ്തീർണ്ണമുള്ള ബങ്കുകൾ വാടകക്കരാർ നിബന്ധനയ്ക്ക് വിധേയമായി സ്ഥാപിക്കുന്നതിന് അനുമതി നൽകാമെന്ന് കെ.എസ്.ആർ.ടി.സി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുള്ളതാണ്.എങ്കിലും കെ.എസ്.ആർ.ടി.സി യുടെ ഭാഗത്ത് നിന്നും തുടർ നടപടികൾ ഉണ്ടായിട്ടില്ല. അനധികൃത കച്ചവടക്കാരിൽ ഒരാളായ ശ്രീ. സാബു ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച WP(C) 26280/16 നമ്പർ കേസിൽ പെറ്റീഷണറെ ഒഴിപ്പിച്ച് ഒരു മാസത്തിനകം പുനരധിവസിപ്പിക്കണമെന്നാണ് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളത്. കച്ചവടക്കാരെ എല്ലാവരെയും പുനരധിവസിപ്പിക്കുന്നതിനുള്ള സ്ഥലം നഗരപരിധിയിൽ ലഭിച്ചിട്ടില്ല. പുനരധിവാസ നടപടികൾ പൂർത്തിയാകാത്തതിനാലാണ് കോട്ട മതിലിന് ചുറ്റുമുള്ള അനധികൃത കെട്ടിടങ്ങൾ പൊളിച്ചുമാറ്റി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ കാലതാമസം നേരിടുന്നത്. |
| (ബി) സർക്കാർ സ്ഥലം കൈയേറി കച്ചവടസ്ഥാപനങ്ങളും താമസ സൗകര്യവും ഒരുക്കുന്നവർക്ക് സർക്കാർ ചെലവിൽ പുനരധിവാസനടപടികൾ പൂർത്തീകരിച്ചശേഷമേ കൈയേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി തുടങ്ങൂ എന്നതാണോ സർക്കാർ നയമെന്ന് വ്യക്തമാക്കുമോ; | (ബി) കിഴക്കേകോട്ടയിൽ അനധികൃതമായി പ്രവർത്തിക്കുന്ന കച്ചവടസ്ഥാപനങ്ങളെ ഒഴിപ്പിക്കുന്നതിന് ഒഴിപ്പിക്കൽ നോട്ടീസ് നൽകിയവരിൽ നീണ്ടകാലയളവിലായി കുത്തകപ്പാട്ടം പ്രകാരം തുക അടച്ച് ഭൂമി കൈവശം വച്ച് വരുന്നവർ ഉൾപ്പെടുന്നു. പിന്നീട് ടി പാട്ടങ്ങൾ റദ്ദാക്കിയിരുന്നു. നീണ്ടകാലയളവിലായി പാട്ടം അടച്ച് വരുന്നതും ഉപജീവനമാർഗ്ഗമായി ടി സ്ഥലം കച്ചവടത്തിനായി ഉപയോഗിച്ചു വരുന്നതുമായ പ്രത്യേകത കണക്കിലെടുത്താണ് ഈ വിഷയത്തിൽ പുനരധിവാസം പരിഗണിച്ചത്. പ്രത്യേകമായി നിർദ്ദേശം ലഭിച്ച മാനുഷിക പരിഗണന നൽകേണ്ട ഇത്തരം കേസുകളിലൊഴികെ മറ്റെല്ലാ കയ്യേറ്റങ്ങൾക്കെതിരെയും കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്. |

| | |
|---|---|
| (സി) ഇവിടത്തെ പാട്ടങ്ങൾ സർക്കാർ റദ്ദാക്കിയിട്ടുണ്ടോ; | (സി) ഉണ്ട് |
| (ഡി) സർക്കാർ ഭൂമി അനധികൃതമായി കൈയടക്കി കച്ചവടസ്ഥാപനങ്ങൾ നടത്തിവരുന്നവർക്ക് സർക്കാർ ഉത്തരവാദിത്തത്തോടെ തിരിച്ചടവുള്ള ലോൺ മുഖേന സഹായം ഒരുക്കി സ്വമേധയാ കച്ചവടസ്ഥലം കണ്ടെത്താൻ അവസരമൊരുക്കുമോ? | (ഡി) നിലവിൽ റവന്യൂ വകുപ്പിൽ ഇത്തരം പദ്ധതികളൊന്നുമില്ല. |

**സെക്ഷൻ ഓഫീസർ**